മുഖവിലയുള്ള മുദ്രപ്പത്രങ്ങൾ നാസിക് സെക്യൂരിറ്റി പ്രിന്റിംഗ്പ്രസ്സിൽ നിന്ന് അച്ചടി പൂർത്തിയാക്കി ലഭിക്കാത്തതിനാൽ ചെറിയ വിലയുള്ള മുദ്രപ്പത്രങ്ങൾക്ക് സംസ്ഥാനത്ത് ക്ഷാമം അനുഭവപ്പെട്ടിരുന്നു. 28-12-2005-ലാണ് മേൽപ്പറഞ്ഞ രീതിയിലുള്ള മുദ്രപ്പത്രങ്ങൾ അച്ചടി പൂർത്തിയാക്കി സംസ്ഥാനത്ത് ലഭിച്ചത്. ഇവ എണ്ണിത്തിട്ടപ്പെടുത്തി വിതരണം ചെയ്തു തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചെറിയ വിലയ്ക്കുള്ള മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിന് താൽക്കാലിക പരിഹാരം എന്ന നിലയ്ക്ക് സംസ്ഥാനത്തെ സ്റ്റാമ്പ് ഡിപ്പോകളിൽ സ്റ്റോക്കുള്ളതും ഇപ്പോൾ ഉപയോഗത്തിലില്ലാത്തതുമായ 15 പൈസ മുതൽ 3 രൂപ 50 പൈസ വരെയുള്ള മുദ്രപ്പത്രങ്ങൾ 10 രൂപ മുതൽ 100 രൂപവരെയുള്ളതാക്കി റീ-വാലിഡേറ്റു ചെയ്തു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും അപ്രകാരം റീ-വാലിഡേററു ചെയ്ത സ്റ്റാമ്പുകൾ എല്ലാ സ്റ്റാമ്പു ഡിപ്പോകളിൽ നിന്നും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

അണ്ടർവാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ

51(1527) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീ. കെ. രാധാകൃഷ്ണൻ:

ശ്രീ. പി. ജയരാജൻ:

ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റർ ചെയ്ത പ്രമാണങ്ങൾ പരിശോധിച്ച് അണ്ടർവാല്യുവേഷൻ ഫീസ് ഈടാക്കുന്നതിന് എന്തെങ്കിലും പൊതുമാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്താണെന്ന് വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലാ രജിസ്റ്റാർ ഓഫീസുകളിലുമായി ആകെ എത്ര അണ്ടർവാല്യുവേഷൻ നടപടികൾക്കുള്ള പ്രമാണങ്ങൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഇനത്തിൽ കുടിശ്ശികയുള്ള പ്രമാണങ്ങളിലാകെയായി സംസ്ഥാന സർക്കാരിന് ലഭിക്കാനുള്ള തുക എത്രയാണ്;

(ഡി) അണ്ടർവാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്;

(ഇ) കുടിശ്ശിക കേസ്സുകൾ മുഴുവൻ വേഗത്തിൽ തീർപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1968-ലെ കേരളാ മുദ്രപ്പത്ര (കരണങ്ങളുടെ അണ്ടർ വാല്യൂവേഷൻ തടയൽ) ചട്ട പ്രകാരം രജിസ്റ്റർ ചെയ്ത പ്രമാണങ്ങളിൽ അണ്ടർ വാല്യൂവേഷൻ നടപടി സ്വീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. വസ്തുവിന്റെ കാര്യത്തിൽ സ്വഭാവം, മൂല്യനിർണ്ണയത്തെ സ്വാധീനിക്കുന്ന മറ്റ് ഘടകങ്ങൾ, ആധാരത്തിൽ പരാമർശിച്ച പ്രത്യേക പരിഗണന നൽകേണ്ട കാര്യങ്ങൾ, തൊട്ടടുത്തുള്ള വസ്തുക്കളുടെ വില, വസ്തുവിൽ നിന്നുള്ള ആദായം, റോഡ്, ചന്ത തുടങ്ങിയവയിലേക്കുള്ള ദൂരം, വസ്തുവിന്റെ കിടപ്പ്, ഗതാഗത സൗകര്യം, കിണർ, ടാങ്ക് തുടങ്ങിയ ജലസേചന സൗകര്യം, വസ്തുവിലെ വിളയുടെ സ്വഭാവം എന്നിവയും ഭവന നിർമ്മാണത്തിനുള്ള സ്ഥലത്തിന്റെ കാര്യത്തിൽ ആ പ്രദേശത്തെ ഇത്തരത്തിലുള്ള മറ്റ് വസ്തുക്കളുടെ വില, റോഡ്, തീവണ്ടി സ്റ്റേഷൻ, ബസ് റൂട്ട് തുടങ്ങിയവയിലേക്കുള്ള ദൂരം, പ്രസ്തുത സ്ഥലത്ത് ലഭ്യമാകുന്ന ചികിത്സാ വിദ്യാഭ്യാസ സൗകര്യങ്ങളും സർക്കാർ ഓഫീസുകളുടെ സാമീപ്യവും വ്യവസായിക പുരോഗതി വികസന പ്രവർത്തനങ്ങൾ എന്നിവയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി രേഖകൾ പരിശോധിച്ചും കെട്ടിടങ്ങൾക്ക് അവയുടെ ഘടന, തരം, പ്രദേശം, വിസ്തീർണ്ണം, നിർമ്മിച്ച വർഷം, ഉപയോഗിച്ച നിർമ്മാണ സാമഗ്രികൾ, തേയ്മാനം, നിരക്ക് വ്യതിയാനം, ഉപയോഗം, വാടക, മൂല്യത്തെ ബാധിക്കുന്ന മറ്റു കാര്യങ്ങൾ, കക്ഷികൾ ചൂണ്ടിക്കാട്ടിയ മറ്റു പ്രത്യേകതകൾ എന്നിവയും മറ്റു വസ്തുക്കൾക്ക് അവയുടെ സ്വഭാവവും ഉപയോഗവും വസ്തുവിന്റെ മൂല്യത്തെ ബാധിക്കുന്ന മറ്റ് ഘടകങ്ങൾ എന്നിവ തിട്ടപ്പെടുത്തിയുമാണ് അണ്ടർ വാല്യൂവേഷൻ നടപടിക്ക് റിപ്പോർട്ട് ചെയ്യുന്നത്.

(ബി) 2006 ജനുവരി 31 വരെ 6,78,060 (ആറ് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി അറുപത്) കേസ്സുകളുണ്ട്.

(സി) 2006 ജനുവരി 31 വരെ 581,13,20,814 രൂപ.

(ഡി) 1968-ലെ കേരള മുദ്രപ്പത്ര (കരണങ്ങളുടെ അണ്ടർ വാല്യൂവേഷൻ തടയൽ) ചട്ട പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങളിലെ വില കുറവാണെന്നു കണ്ടാൽ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ നിശ്ചിത ഫോറത്തിൽ ജില്ലാ രജിസ്ട്രാർക്ക് റിപ്പോർട്ട് നൽകുന്നതും അതിന്റെ അടിസ്ഥാനത്തിൽ വസ്തു വാങ്ങിയ വ്യക്തിക്ക് താൽക്കാലിക നോട്ടീസ് നൽകുകയും ചെയ്യുന്നു. ഈ താൽക്കാലിക നോട്ടീസിനെ സംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ആക്ഷേപം സമർപ്പിക്കാവുന്നതാണ്. ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വ്യക്തിക്ക് ഹിയറിംഗ് നൽകിയും ആവശ്യമെങ്കിൽ സ്ഥലപരിശോധന നടത്തിയും ജില്ലാ രജിസ്ട്രാർ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഈ ഉത്തരവിലൂടെ കുറവ് തുക ശേഖരിക്കാൻ കഴിയാത്തപക്ഷം ആ തുക റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതാണ്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

GPM.2/571/2015—12